

# എഴുത്ത്

ഇന്ന് കേരളപ്പിറവി ദിനത്തിൽ മലയാളത്തിന്റെ വ്യത്യസ്തമായൊരു അക്ഷരസൗന്ദര്യം പ്രസാധനം ചെയ്യപ്പെടുകയാണ്. പ്രശസ്ത കാലിഗ്രാഫറായ നാരായണ ഭട്ടതിരി വരഞ്ഞ അക്ഷരങ്ങൾ ആസ്പദമാക്കി "എഴുത്ത്" ഫോണ്ടിന്റെ ടൈപ്പോഗ്രഫി നിർവ്വഹിച്ചിരിക്കുന്നത് കെ. എച്ച്. ഹുസൈനും രജീഷ് കെ. നമ്പ്യാരുമാണ്. സായാഹ്നയുടെ സഹോദരസ്ഥാപനമായ രചന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൈപ്പോഗ്രഫിയാണ് നിർവ്വഹണ_പരിരക്ഷണം ഒരുക്കുന്നത്. സ്വതന്ത്രവും തുറന്നതുമായി ഇതു വിതരണം ചെയ്യപ്പെടുന്നു. ഡൗൺലോഡ് ലിങ്കിനു ഈ സൈറ്റ് സന്ദർശിക്കുക: http://www.rachana.org.in/.



രജീഷ്, കെ. വി.



നാരായണ ഭട്ടതിരി




ഹുസൈൻ, കെ. എച്ച്.

ഒപ്പം ഇരുപതു വർഷമായി മലയാളത്തിന്റെ തനതു അക്ഷരങ്ങളും നഷ്ടസൗന്ദര്യങ്ങളും വീണ്ടെടുത്ത 'രചന' ഫോണ്ടിന്റെ പുതിയ പതിപ്പും റിലീസ് ചെയ്യപ്പെടുന്നു. RIT_Rachana എന്ന് പുനർനാമകരണം ചെയ്തിരിക്കുന്ന ഈ ഫോണ്ട് കഴിഞ്ഞ മൂന്നു മാസക്കാലമായി സായാഹ്ന വാട്സപ്പ് ഗ്രൂപ്പിലുള്ള സുഹൃത്തുക്കൾ ദിവസേന കാണുന്നുണ്ട്! പുതുക്കിയ രചന അച്ചടിക്കും വെബ് പ്രസാധനത്തിനുമായി പ്രത്യേകം ശ്രദ്ധയെടുത്ത് ഡിസൈൻ ചെയ്തിരിക്കുന്നു. മലയാളത്തിന്റെ ഇ_പബ്ലിഷിംഗിന്റെ പുതിയ മുഖം ഇതുപയോഗിച്ചാണ് സായാഹ്ന ഒരുക്കിയെടുക്കുന്നത്.

രചനയുടെ പുതിയ വെബ് ഫോണ്ട് ഉപയോഗിച്ച് നിർമ്മിച്ച സായാഹ്നയുടെ ഗ്രന്ഥശേഖരത്തിന്റെ വെബ് സൈറ്റിലേയ്ക്ക് വായനക്കാരെ ക്ഷണിക്കുകയാണ്. ഈ വെബ് പേജുകൾ ഫോണിലും ഡെസ്ക്ടോപ്പിലും ഒന്നുപോലെ കാണുവാൻ കഴിയും. അഭിപ്രായങ്ങൾ അറിയിക്കുക.

http://ax.sayahna.org/ulloor/index.html